

1 പ്രഭാഷണം

# സ്വപ്നം കാണാനുള്ള അവകാശത്തിനുവേണ്ടി ഒരു സമരം

അരുന്ധതി റോയ്

കേട്ടെഴുത്തും പരിഭാഷയും : സ്മിത. പി.വി

ചെങ്ങറയിൽ നടക്കുന്നത് ഒരു പ്രധാനപ്പെട്ട റാഡിക്കൽ സമരമാണ്. അത് കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ തന്നെ വളരെ പ്രാധാന്യമുള്ള ഒന്നാണ്. പല കാരണങ്ങൾ കൊണ്ട് ലോകത്താകമാനം തന്നെ നടക്കുന്ന സമരങ്ങളിൽ വെച്ച് വളരെ വിപ്ലവാത്മകമായ, റാഡിക്കലുമായ ഒരു സമരമാണ് ഇതെന്ന് ഞാൻ വിശ്വസിക്കുന്നു. പക്ഷേ ഇത് വിജയിക്കാൻ വേണ്ടി എന്ത് ചെയ്യണം എന്ന് എനിയ്ക്കറിയില്ല. ഭൂമിയുടെ പ്രശ്നവും ദളിത് പ്രശ്നവുമായി ബന്ധമുണ്ടെന്നുള്ളത് ഈ രാജ്യത്ത് അവർക്ക് ഒരിക്കലും മറയ്ക്കാൻ കഴിയില്ല. ചെങ്ങറയിലുള്ള ആളുകൾ ഭൂമിയില്ലാത്തവർ മാത്രമല്ല, അവർ ദളിതരും ആദിവാസികളും കൂടിയാണ്. ലോകത്ത് മറ്റൊരു സമൂഹത്തിലും ഇത്രയും നാണിപ്പിയ്ക്കുന്ന, ഞെട്ടിപ്പിയ്ക്കുന്ന രീതിയിൽ ദളിതരെ തൊട്ടുകൂടാൻ പാടില്ലാത്ത ഒരു സാമൂഹ്യവ്യവസ്ഥ നിലനിൽക്കുന്നില്ല.

തീർച്ചയായും ലോകത്തിൽ പല സമൂഹത്തിലും ആദിവാസികളുണ്ട്. പക്ഷേ ലോകത്ത് ഒരു സമൂഹത്തിലും തൊട്ടുകൂടായ്മയും കണ്ടുകൂടായ്മയും ശീലിയ്ക്കുന്നില്ല.

എന്നോട് പലരും പറഞ്ഞു അവർക്ക് ഭൂമിയുണ്ട് എന്ന്. പക്ഷേ, ചെങ്ങറയിലുള്ള ആളുകളെ എനിയ്ക്കറിയാം. അവിടെ എന്താണ് നടക്കുന്നത് എന്നും അറിയാം. ഞാൻ ചെങ്ങറയിൽ പോയിരുന്നു. അവിടെ ഞാനൊരു മറയ്ക്കപ്പെട്ട രാഷ്ട്രത്തെയാണ് കണ്ടത്. നാം കേരളീയർ കണ്ടില്ലെന്ന് നടിക്കുന്ന ഒരു രാഷ്ട്രം-നാം കാണാനാഗ്രഹിക്കാത്ത ഒരു ജനത-നമ്മുടെ ഭാവനയിൽപോലും ഇടംകൊടുക്കാൻ ആഗ്രഹിക്കാത്തവർ, തൊടാനിഷ്ടമില്ലാത്തവർ, ഒരു രാഷ്ട്രീയ സമവായത്തിൽ ഉൾപ്പെട്ട് കാണാൻപോലും നാം ആഗ്രഹിക്കാത്തവർ.

പക്ഷേ നിങ്ങൾ യഥാർത്ഥത്തിൽ കമ്മ്യൂണിസത്തെ മനസ്സിലാക്കുന്നുണ്ടെങ്കിൽ നിങ്ങളിത്തരം പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുക തന്നെ വേണം. നന്ദിഗ്രാമിലും സർദാർസരോവറിലും കൂടുതലും ആദിവാസികളും ദളിതരുമാണ്. തീർച്ചയായും അവരിൽ പണക്കാരായ കർഷകരും ഉണ്ട്. പക്ഷേ ജാതിയുടെ പ്രശ്നത്തെ അഭിസംബോധന ചെയ്യാതെ ഈ പ്രശ്നത്തെ നോക്കാൻ സാധിയ്ക്കില്ല.

ഈ സമരം ഇന്ത്യയിൽ ഇന്ന് നടക്കുന്ന വളരെ വിപ്ലവാത്മകമായ ഒന്നാണ് എന്ന് വിശ്വസിയ്ക്കാനുള്ള മറ്റൊരു കാരണം ഇത് വെറും ഭൂമിയ്ക്കു വേണ്ടിയുള്ള സമരം മാത്രമല്ല, ഇത് സ്വപ്നം കാണാനുള്ള അവകാശത്തിനു വേണ്ടിയുള്ള സമരമാണ്. ഞാൻ വിചാരിയ്ക്കുന്നത് ഇത് നമ്മൾ മനസ്സിലാക്കണം എന്നാണ്. നാളെ ഗവൺമെന്റ് ഈ ഭൂമി തിരിച്ചെടുക്കുകയാണെങ്കിൽ അതല്ലെങ്കിൽ അവർ ചെങ്ങറയിലുള്ള 27,000 ആളുകളെ കൊന്നൊടുക്കുകയാണെങ്കിൽ അവർക്ക് അവരുടെ സ്വപ്നം കാണാനുള്ള അവകാശത്തിനു വേണ്ടി കുറേയേറെ മാസങ്ങൾ സമരം ചെയ്യാൻ കഴിഞ്ഞു കാണാനുള്ള അവകാശമാണ്. മൂന്നാമത്തെ കാര്യം ഈ സമരം ജനങ്ങളുടെ ഉള്ളിൽ നിന്നു തന്നെ ഉണ്ടായതാണ്. മറ്റാരും പ്രതിനിധീകരിക്കുന്ന ഒരു സമരമല്ല ഇത്. ഇത് അരുന്ധതിറോയിയുടെ സമരമല്ല.

**എന്നോട് പലരും പറഞ്ഞു അവർക്ക് ഭൂമിയുണ്ട് എന്ന്. പക്ഷേ, ചെങ്ങറയിലുള്ള ആളുകളെ എനിയ്ക്കറിയാം. അവിടെ എന്താണ് നടക്കുന്നത് എന്നും അറിയാം. ഞാൻ ചെങ്ങറയിൽ പോയിരുന്നു. അവിടെ ഞാനൊരു മറയ്ക്കപ്പെട്ട രാഷ്ട്രത്തെയാണ് കണ്ടത്.**

ഇത് പ്രശസ്തരായ മറ്റാരുടേയും സമരമല്ല. ഇത് ജനങ്ങളുടെ സമരമാണ്. മാധ്യമങ്ങൾക്കും ഇത് മനസ്സിലാവും എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഞങ്ങളിവിടെ ഐക്യദാർഢ്യം പ്രഖ്യാപിക്കാനാണ് കൂടിയിരിക്കുന്നത്. ഞങ്ങൾ സമരത്തിനല്ല, ഞങ്ങളാരേയും പ്രതിനിധീകരിക്കുന്നില്ല. ഇത് വളരെ വളരെ പ്രധാനപ്പെട്ടതാണ്. ഈ സമരം താഴെ നിന്ന് മുകളിലേയ്ക്ക വന്നതാണ്. മുകളിൽ നിന്ന് താഴേയ്ക്കല്ല, പ്രശാന്ത് ഭൂഷൻ പറഞ്ഞപോലെ നന്ദിഗ്രാമും ചെങ്ങറയും തമ്മിൽ വളരെ വലിയ ഒരു വ്യത്യാസം ഉണ്ട്. നന്ദിഗ്രാമിലെ സമരം, അവിടത്തെ ജനങ്ങളുടെ ഭൂമി ഒരു കോർപ്പറേഷൻ അധീശത്തിൽ വച്ചിരിയ്ക്കുന്നതിനെതിരെയാണ്. പക്ഷേ ഇവിടുത്തേത് കുറച്ചുകൂടി റാഡിക്കലാണ്. ഇവിടെ ജനങ്ങൾ കോർപ്പറേഷനോട്, ഞങ്ങൾ നിങ്ങളുടെ ഭൂമി തിരിച്ചെടുക്കാൻ പോവുകയാണ് എന്ന് പറയുകയാണ്. അത് വളരെ അത്ഭുതമുണ്ടാക്കുന്ന താണ്. വളരെ റാഡിക്കൽ ആണ്.

ഹാരിസൺസ് മലയാളത്തിന് മുപ്പത്തിയാറ് എസ്റ്റേറ്റുകളുണ്ട്. ഞാനിത് പറഞ്ഞുകേട്ടതാണ്. അവർക്ക് ഏകദേശം 70,000 ഏക്കർ ഭൂമിയുണ്ട്.

അവർ കൈയ്യേറിയത് തന്നെ ഏറെയുണ്ട്. അവർക്കെതിരെ ഇത്രയും വർഷങ്ങളായിട്ട് ഒരു കോടതി ഉത്തരവും ഉണ്ടായില്ല. അവർക്കെതിരെ പോലീസ് ഇടപ്പെട്ടില്ല. അവരുടെ കുടുംബങ്ങളെ ആരും ഉപദ്രവിച്ചില്ല. പക്ഷേ, ആദിവാസി കളും ദളിതരും സ്ഥലമെടുത്തപ്പോൾ മാത്രം എന്താണ് ഇത്രയും പ്രശ്നം? ഉടനെ അവിടെ പോലീസ് വരുന്നു, അവർക്ക് ജോലിയ്ക്കു പോവാൻ സാധിയ്ക്കുന്നില്ല, അവർ ആത്മഹത്യ ചെയ്യേണ്ടി വരുന്നു, അവർ ആത്മഹത്യ ചെയ്യും എന്ന് ഭീഷണിപ്പെടുത്തേണ്ടി വരുന്നു, ഇങ്ങനെ എല്ലാതരത്തിലും വളരെ റാഡിക്കലായ ഒരു സമരം നടക്കുന്ന സ്ഥലത്തുനിന്നാണു വരുന്നത് എന്ന് പറയുന്നതിൽ ഞാൻ അഭിമാനിക്കുന്നു. ഇതൊരു വെറും Rhetorical Violence അല്ല. ആരുടെയെങ്കിലും അല്ലെങ്കിൽ എവിടെ നിന്നെങ്കിലും ഉള്ള ഒരു ചൂടുപിടിപ്പിച്ച ഐഡിയോളജി അല്ല ഇത്. ഇവിടുത്തെ മണ്ണിൽ തന്നെ ഉണ്ടായതാണ്, ഇവിടെ തന്നെ വളർന്നു വന്നതാണ്. ഞാനിത് പറഞ്ഞുകൊണ്ട് അവസാനിയ്പ്പിക്കുകയാണ്, ഒരുപാട് പേർ എന്നോട് ചോദിച്ചു, എന്തുകൊണ്ട് 'ഗോഡ് ഓഫ് സ്മോൾതിങ്ങ്സി'ന് അങ്ങനെ ഒരന്ത്യം കൊടുത്തത് എന്ന്. എന്തുകൊണ്ടാണ് സിറിയൻ ക്രിസ്ത്യൻ സ്ത്രീയും, ദളിതനായ പഴവനും മനുഷ്യനും തമ്മിലുള്ള ബന്ധം ഒരു ട്രാജഡിയായി അവസാനിച്ചത്? ഞാനവരോട് പറഞ്ഞു, അത് ട്രാജഡിയായിട്ടല്ല അവസാനിച്ചത്. ഇങ്ങനെയൊരു പറച്ചിലുണ്ട്, വളരെ യാഥാർത്ഥ്യ ബോധത്തിലായിരിക്കുക. അസാധ്യമായത് ചോദിക്കുക എന്ന്, ഇതാണ് ചെങ്ങറയിലെ ആളുകൾ ചെയ്യുന്നത് എന്നാണ് ഞാൻ വിശ്വസിയ്ക്കുന്നത്. അവർ അടിത്തറയുണ്ടാക്കുന്നത് മനുഷ്യസമൂ ഹത്തിലെ ഏതൊരാൾക്കുമുള്ള അടിസ്ഥാന അവകാശത്തിനുവേണ്ടി യാണ്. അന്തസ്സ് (ഡിഗ്നിറ്റി) ഉള്ള ഒരു ജീവിതം സ്വപ്നം കാണാനുള്ള അവകാശത്തിനു വേണ്ടിയാണ്. ഈ സമരത്തിനു മുന്നിൽ ഞാൻ സല്യൂട്ട് ചെയ്യുന്നു. ഞാൻ സമരത്തിന് എല്ലാ നന്മകളും ആശംസിക്കുന്നു. ഞാൻ എല്ലായ്പ്പോഴും നിങ്ങളുടെ പുറകിലുണ്ട്. കാരണം ഞാൻ മനസ്സിലാക്കുന്നു ഈ സമരം ചെയ്യേണ്ടത് അവർ തന്നെയാണ്, അവർ തന്നെയാണ് മുൻനിരയിൽ നിൽക്കേണ്ടത്, അവർക്കുവേണ്ടി മറ്റുള്ളവരല്ല സമരം ചെയ്യേണ്ടത്.

ചർച്ച

## പൊതുസമൂഹവും സാമൂഹിക പ്രവർത്തനവും

**'സിവിൽ സൊസൈറ്റിയും ഇടതുപക്ഷവും'** എന്ന ഡോ. ടി.ടി. ശ്രീകുമാറിന്റെ പുസ്തകത്തെ ആസ്പദമാക്കി സാമൂഹ്യപ്രവർത്തന രംഗം ചർച്ച ചെയ്യുന്നു.

**സണ്ണി കപിക്കാട്, സി.ആർ. പരമേശ്വരൻ, കെ. വേണു, സണ്ണി പൈകട, എൻ.പി. ജോൺസൺ, സി.എസ്. ചന്ദ്രിക, സി.ആർ. നീലകണ്ഠൻ, ഐ. ഗോപിനാഥ്, ടി.ടി. ശ്രീകുമാർ** പങ്കെടുക്കുന്നു.

ജൂൺ 14 ശനി രാവിലെ 10 മുതൽ വൈകീട്ട് 5 വരെ
തൃശൂർ വടക്കേച്ചിറ 'ശ്രദ്ധ' ഹാളിൽ

ബന്ധങ്ങൾക്ക് : 9446576943, 9895458954

### സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

കേരളത്തിലെ പൊതു വിഭവങ്ങൾക്കുവേണ്ടിയുള്ള ജനകീയ സമരങ്ങളേയും പൊതു പ്രശ്നങ്ങളേയും കേരളീയത്തിൽ പരിചയപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനുംവേണ്ടി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനവിവരങ്ങൾ, പത്രക്കട്ടിങ്ങുകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രമാധ്യമങ്ങളുടെ പ്രാദേശിക എഡിഷനുകൾ വന്നതോടുകൂടി ഒരു പൊതുപ്രശ്നം ജില്ലയ്ക്കകത്തുപോലും ചർച്ച ചെയ്യാതിരിക്കുന്ന സ്ഥിതിയിൽ അതറിയിക്കാനും ബന്ധിപ്പിക്കാനും സമരവിവരങ്ങൾ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം
കേരളീയം, കൊക്കാലെ,
തൃശൂർ-21.
ഫോൺ : 9446576943, 9895458954